## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2267 | 05.12.2018 ൽ മറുപടിയ്ക്ക് |
|---|---|
| **അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനം** | |
| ചോദ്യം | മറുപടി |
| **ശ്രീ. സി. ദിവാകരൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി അങ്കണവാടി കെട്ടിട നവീകരണം, അങ്കണവാടി കെട്ടിട നിർമ്മാണം, ബേബി ഫ്രണ്ട്ലി ടോയ് ലെറ്റ് നിർമ്മാണം, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, പാചക വാതക കണക്ഷൻ, വെയിംഗ് മെഷീനുകൾ, കിടക്ക, കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ എന്നീ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നുള്ള പദ്ധതികളും ഉണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.<br><br>I. **അങ്കണവാടി കെട്ടിട നവീകരണം**<br><br>ശോചനീയാവസ്ഥയിലുള്ള അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനം സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. അങ്കണവാടികൾക്ക് ഒരു ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നവീകരണപ്രവർത്തനങ്ങളും ചെയ്യുന്നു. അങ്കണവാടി കെട്ടിട നവീകരണത്തിൽ Plumbing, Electrification, Flooring, ചുറ്റുമതിൽ നിർമ്മാണം, മറ്റു സാനിട്ടറി പണികൾ മുതലായവ ഉൾപ്പെടുന്നു.<br><br>II. **അങ്കണവാടി കെട്ടിട നിർമ്മാണം:**<br><br>i **മാതൃക അങ്കണവാടി:** കുട്ടികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, അമ്മമാർ |

വയോജനങ്ങൾ എന്നിവർ ഉൾപ്പെടുന്ന മൂന്ന് തലമുറകൾക്ക് (3 generation) ഒരുമിച്ച് അങ്കണവാടിയിലൂടെ സേവനങ്ങൾ നൽകുന്നു. ഓരോ നിയോജകമണ്ഡലത്തിലും ഒന്നുവീതം മാതൃക അങ്കണവാടി 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട MLA യുടെ ശുപാർശയുടെ അടിസ്ഥാനത്തിലും അനുവദിച്ചു വരുന്നു.

**<u>ii) സംസ്ഥാന പദ്ധതി വിഹിതം:</u>** സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന പദ്ധതി വിഹിതത്തിലുൾപ്പെടുത്തി കെട്ടിടം നിർമ്മിച്ചുവരുന്നു.

**<u>iii) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS):</u>** കേന്ദ്രസർക്കാരിന്റെ സഹകരണത്തോടുകൂടി MGNREGS മായി ചേർന്ന് അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

III. **<u>ശിശു സൗഹൃദ ടോയ് ലെറ്റ് നിർമ്മാണം</u>**

96.14% അങ്കണവാടികളിൽ സ്വന്തമായി ടോയ് ലെറ്റ് സൗകര്യം ഉണ്ട്. ബാക്കിയുള്ള അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ് ലെറ്റ് നിർമ്മാണത്തിനായി 12,000/- രൂപ അനുവദിക്കുന്ന പദ്ധതിയിൽ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ട് വഹിക്കുന്നു.

IV. **<u>കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ</u>**

73.66% അങ്കണവാടികൾക്ക് സ്വന്തമായി കുടിവെള്ള സൗകര്യം ഉണ്ട്. ബാക്കിയുള്ളവയിൽ ഒരു അങ്കണവാടിക്ക് 10,000/- രൂപ വീതം കുടിവെള്ള സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതി നിലവിലുണ്ട്. ടി പദ്ധതിയിൽ 60% കേന്ദ്രസർക്കാരും

| | |
|---|---|
| | 40% സംസ്ഥാന സർക്കാരും ഫണ്ട് വഹിക്കുന്നു.<br>അങ്കണവാടി കണ്ടിജൻസി ഫണ്ടിൽ ഒരു അങ്കണവാടിക്ക് പ്രതിവർഷം 2000/- രൂപ നിരക്കിൽ ഉൾപ്പെടുത്തി ഓരോ അങ്കണവാടിയ്ക്കും ശുചീകരണത്തിനും, ഷീറ്റ്, പായ, നോട്ട് ബുക്ക്, ബ്ലാക്ക്ബോർഡ്, മുതലായവയും മറ്റ് അവശ്യസാധനങ്ങളും വാങ്ങി നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനതുഫണ്ട് ഉപയോഗിച്ച് ശിശു സൗഹൃദ പെയിന്റിംഗ്, അറ്റകുറ്റപ്പണി എന്നിവയും ചെയ്യുന്നു. |
| (ബി) സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾക്ക് ഭൂമി വാങ്ങാനും കെട്ടിടം നിർമ്മിക്കാനുമുള്ള പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾക്ക് ഭൂമി വാങ്ങാനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതികളൊന്നും വനിതാ ശിശുവികസന വകുപ്പിൽ നിലവിലില്ല. സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതിന് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, തനത് ഫണ്ട് ഇതിലേതെങ്കിലും വിനിയോഗിച്ചുകൊണ്ട് പ്രോജക്ട് വയ്ക്കുന്നു. കണ്ടെത്തുന്ന സ്ഥലത്തിന് റവന്യൂ അധികാരികൾ നിശ്ചയിക്കുന്ന തുകയുടെ 30% വരെ അധികമായി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ